" ഭരണഭാഷ-മാതൃഭാഷ "

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

**ആസ്ഥാനകാര്യാലയം,**
**ജയിൽ വകുപ്പ്, കേരളം**
**പൂജപ്പുര, തിരുവനന്തപുരം 12**
0471 2342532
keralaprisons@gov.in

**നം.** KPCS/2648/2025-P2

**തീയതി :** 28-03-2026

## <u>സർക്കുലർ നമ്പർ - 4/2026</u>

Video Conference (VC), CCTV എന്നിവ ഉൾപ്പെടെയുള്ള വിവിധ Security / Non-Security Equipment-കൾ കൈകാര്യം ചെയ്യുന്നതിൽ ഉദ്യോഗസ്ഥരുടെ അശ്രദ്ധ, പരിചയക്കുറവ്, ഉപകരണങ്ങളുടെ ശരിയായ പരിപാലനക്കുറവ് എന്നിവ മൂലം ഉപകരണങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഫലമായി സർക്കാരിന് ആവർത്തിച്ചുള്ള സാമ്പത്തിക നഷ്ടം സംഭവിക്കുന്ന സാഹചര്യം നിലനിൽക്കുന്നതായും വിലയിരുത്തപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, ഇനി മുതൽ പ്രസ്തുത ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ negligence / അശ്രദ്ധ മൂലം ഉപകരണങ്ങൾക്കുണ്ടാകുന്ന കേടുപാടുകൾ ബന്ധപ്പെട്ട സ്ഥാപന മേധാവികളുടെ ഉത്തരവാദിത്തമായി കണക്കാക്കുന്നതായിരിക്കും. ഇത്തരത്തിലുള്ള negligence മൂലം സർക്കാരിന് സംഭവിക്കുന്ന സാമ്പത്തിക നഷ്ടം ബന്ധപ്പെട്ട സ്ഥാപന മേധാവികളുടെ liability ആയി കണക്കാക്കി, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം നിയമാനുസൃതമായ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

അതിനാൽ, എല്ലാ ജയിൽ സ്ഥാപന മേധാവികളും താഴെപ്പറയുന്ന നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് :

1. VC, CCTV എന്നിവ ഉൾപ്പെടെയുള്ള എല്ലാ Security / Non-Security Equipment-കളും സർക്കാർ നിർദേശങ്ങൾക്കും ബന്ധപ്പെട്ട സാങ്കേതിക മാർഗനിർദേശങ്ങൾക്കും അനുസൃതമായി ഉപയോഗിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതും ആയത് ബന്ധപ്പെട്ട സ്ഥാപന മേധാവി ഉറപ്പുവരുത്തേണ്ടതുമാണ് .
2. ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ ക്ക് ആവശ്യമായ പരിശീലനം നൽകുകയും,മാർ ഗനിർ ദേശങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ ഉപകരണങ്ങൾ ഉപയോഗിക്കപ്പെടുന്നുള്ളുവെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.
3. negligence, അശ്രദ്ധ, നിർദേശങ്ങൾ പാലിക്കാതിരിക്കൽ, അല്ലെങ്കിൽ മേൽനോട്ടത്തിലെ വീഴ്ച എന്നിവ മൂലം ഉണ്ടാകുന്ന കേടുപാടുകൾക്ക്/ നഷ്ടങ്ങൾക്ക് ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് ഉത്തരവാദിത്തം ഉണ്ടായിരിക്കും.
4. സാങ്കേതിക തകരാറുകൾ ഉടൻ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും, സാങ്കേതിക ഏജൻ സികളുടെ സഹായം സമയബന്ധിതമായി ലഭ്യമാക്കാൻ നടപടി

സ്വീകരിക്കുകയും ചെയ്യേണ്ടതാണ് .

5. ജയിലുകളിലും മറ്റ് സ്ഥാപനങ്ങളിലും ഇൻസ്റ്റാൾ ചെയ്യുന്ന ഓരോ Security / Non-Security Equipment-നെയും സംബന്ധിച്ചും, ഡെലിവറി ചലാൻ പ്രകാരമുള്ള മുഴവൻ വിവരങ്ങളും (Product Details) ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്ററിൽ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. ഇതിൽ താഴെപ്പറയുന്ന വിവരങ്ങൾ വ്യക്തമായി ഉൾപ്പെടുത്തണം :

   - ഉപകരണത്തിന്റെ പേര് / തരം
   - സാങ്കേതിക വിശദാംശങ്ങൾ (Specifications)
   - Serial Number
   - എണ്ണം (Quantity)
   - യൂണിറ്റ് വിലയും ആകെ വിലയും
   - സപ്ലൈ ചെയ്ത ഏജൻസിയുടെ പേര്
   - ഡെലിവറി തീയതി
   - ഇൻസ്റ്റലേഷൻ തീയതി

മേൽപ്പറഞ്ഞ രേഖകൾ ബന്ധപ്പെട്ട അധികാരി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി , അതിന്റെ ഒരു പകർപ്പ് ജയിലാസ്ഥാനകാര്യാലയത്തിൽ നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്.

6. പ്രസ്തുത രേഖകൾ സമയബന്ധിതമായി ജയിലാസ്ഥാനകാര്യാലയത്തിൽ ലഭ്യമാക്കുന്നത് ബന്ധപ്പെട്ട ഏജൻസികൾക്ക് payment അനുവദിക്കുന്നതിനുള്ള അനിവാര്യ നിബന്ധനയായിരിക്കും.

7. പ്രസ്തുത രേഖകൾ സമയബന്ധിതമായി ജയിലാസ്ഥാനകാര്യാലയത്തിൽ ലഭ്യമാക്കാത്തത് മൂലം അല്ലെങ്കിൽ ടി രേഖകളിലെ വീഴ്ച മൂലം പെയ്മെന്റ് വൈകുകയോ, വകുപ്പിന് സാമ്പത്തിക നഷ്ടം സംഭവിക്കുകയോ ചെയ്താൽ , ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നിയമാനുസൃതമായി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതയിരിക്കും.

മേൽപ്പറഞ്ഞ നിർദേശങ്ങൾ എല്ലാ ജയിൽ സ്ഥാപന മേധാവികളും അടിയന്തിരമായി നടപ്പിലാക്കി, ഇവ കർശനമായി പാലിക്കപ്പെടുന്നതായി ഉറപ്പാക്കേണ്ടതാണ്. ഇതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ, ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി കർശനമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

വിശ്വസ്തതയോടെ

DINESH B

DEPUTY INSPECTOR GENERAL OF PRISONS(HQ)

സ്വീകർത്താവ് എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും

പകർപ്പ് :

(1) ജയിലാസ്ഥാന കാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

(2) ജോയിൻറ് സൂപ്രണ്ട്

ടെക്നിക്കൽ സെൽ, ജയിലാസ്ഥാന കാര്യാലയം

(3) TC1/TC3 seats (Website ൽ പബ്ലിഷ് ചെയ്യുന്നതിന്)

Digitally signed by
Dinesh Bhagavathi Pillai
Date: 28-03-2026
16:12:22